ഉത്തരം

(എ)-(സി) ഹോസ്ദുർഗ് താലൂക്കിൽ പേരോൽ വില്ലേജിൽ റി.സ. നം.189/1എ9,10, 11 എന്നിവയിൽപ്പെട്ട 12 ഏക്കർ ഭൂമി കാഞ്ഞങ്ങാട് ക്യാമ്പസ് ആരംഭിക്കുന്നതിനായി കണ്ണൂർ യൂണിവേഴ്സിറ്റിക്ക് പാട്ടത്തിനു നൽകുവാനുള്ള നടപടി ഏകദേശം പൂർത്തിയായിട്ടുണ്ട്.

മൂവാറ്റുപുഴ താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ

59 (1417) ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മൂവാറ്റുപുഴ താലൂക്കിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ അതിന്റെ വിവരങ്ങൾ നൽകുമോ;

(സി) ഇതിൽ ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര ആളുകൾക്ക് വീതം പട്ടയം നൽകിയിട്ടുണ്ട്;

(ഡി) ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് പട്ടയം നൽകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 3410 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി)&(സി) പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടയം നൽകിയവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ബാക്കിയുള്ളവർക്ക് ഉടൻ തന്നെ പട്ടയം വിതരണം ചെയ്യുന്നതാണ്.

ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിന്റെ പെട്രോൾ പമ്പ് പരിശോധന

60 (1421) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് എത്ര പെട്രോൾ പമ്പുകൾ പരിശോധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം നഗരംവിട്ട് ഗ്രാമപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പമ്പുകളും പരിശോധിച്ച് കൃത്രിമങ്ങൾ കണ്ടുപിടിക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

WITNESS the Hon'ble Dr. Adarsh Sein Anand, Chief Justice of India, at the Supreme Court, New Delhi, dated this the 29th day of November, 1999.

(R.S. SETH)
(DEPUTY REGISTRAR)

Endorsement on SLP(c) 17910/99/Ptg. dated 9-12-1999
Court of Kerala, Ernakulam.

Copy communicated to :

1. The O.P. Section, High Court (CCC, 542/98).
2. The Advocate General, Kerala, Ernakulam.
3. The Senior Central Government Standing Counsel- Advocate Mr. K. Ramakumar.

for information and necessary action.

(By Order)
Assistant Registrar

അനുബന്ധം-III

3/3/2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 59 (1417) ദയവായി കാണുക

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേർ	അപേക്ഷകളുടെ എണ്ണം	നൽകിയ പട്ടയങ്ങൾ
1.	പാലക്കുഴ പഞ്ചായത്ത്	133	126
2.	കുത്താട്ടുകുളം പഞ്ചായത്ത്	437	428
3.	പിറവം പഞ്ചായത്ത്	277	268
4.	പായിപ്ര പഞ്ചായത്ത്	197	185
5.	ഇലഞ്ഞി പഞ്ചായത്ത്	128	124
6.	അയവന പഞ്ചായത്ത്	140	136
7.	അവോലി പഞ്ചായത്ത്	372	364
8.	പാമ്പകുട പഞ്ചായത്ത്	121	111
9.	രാമമംഗലം പഞ്ചായത്ത്	230	218
10.	മണിട് പഞ്ചായത്ത്	231	219
11.	കല്ലൂർക്കാട് പഞ്ചായത്ത്	185	167
12.	മാറാടി പഞ്ചായത്ത്	97	81
13.	മഞ്ഞള്ളൂർ പഞ്ചായത്ത്	397	379
14.	തിരുമാറാടി പഞ്ചായത്ത്	138	165
15.	ആർക്കുഴ പഞ്ചായത്ത്	78	65
16.	വാളകം പഞ്ചായത്ത്	113	108
		3274	3107

LIBRARY ARCHIVES Kerala Legislative Assembly